ഉത്തരം

(എ) ഉണ്ട്.

(ബി) കൊണ്ടോട്ടിയിൽ ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വി.ജെ.റ്റി ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം സംബന്ധിച്ച്

92. [857] ശ്രീ. ബി. വിജയകുമാർ :

" വി.ഡി. സതീശൻ :

" കെ.എ. ചന്ദ്രൻ :

" എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള എത്ര ട്രാഫിക് സിഗ്നൽ ലൈറ്റുകൾ കത്താതിരിക്കുന്നുണ്ടെന്നും എത്ര എണ്ണം പ്രവർത്തിപ്പിക്കാതെ കിടക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) വി.ജെ.റ്റി. ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം പ്രവർത്തിപ്പിക്കാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇവിടെ പി.എം.ജി.യിൽ നിന്ന് കിഴക്കേകോട്ടക്കു പോകുന്ന റോഡു ഭാഗത്ത് കാൽനട യാത്രക്കാരെ സഹായിക്കാൻ ട്രാഫിക് കോൺസ്റ്റബിൾമാരെ നിയോഗിച്ചിട്ടുള്ളതുപോലെ സ്റ്റാച്ച്യൂ ഭാഗത്തു നിന്ന് പി.എം.ജി.യിലേക്കു പോകുന്ന ഭാഗത്തും കാൽനട യാത്രക്കാരെ സഹായിക്കാൻ ട്രാഫിക് കോൺസ്റ്റബിളിനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടുത്തെ ട്രാഫിക് സിഗ്നൽ സിസ്റ്റം പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകളിൽ വി.ജെ.റ്റി. ഹാളിനു മുന്നിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റത്തിൽ അപാകത ഉള്ളതിനാലും മെഡിക്കൽ കോളേജ്, ശ്രീകാര്യം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റ് സിസ്റ്റത്തിൽ വ്യത്യാസം ഉള്ളതിനാലും താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നില്ല.

(ബി) വി.ജെ.റ്റി. ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം അപാകത ഉള്ളതിനാൽ താല്കാലികമായി പ്രവർത്തിപ്പിക്കുന്നില്ല.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിക്കുന്നുണ്ട്.

വാഹനമോഷണ കേസുകൾ

93. [858] ശ്രീമതി. ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര വാഹനമോഷണങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) അന്വേഷണത്തെ തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) വർദ്ധിച്ചുവരുന്ന വാഹനമോഷണം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 7264 വാഹന മോഷണങ്ങൾ

(ബി) 7264 കേസുകൾ

(സി) 2460 വാഹനങ്ങൾ

(ഡി) വാഹനമോഷണം തടയുന്നതിന് രാത്രികാല പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ചും കർശനമായ വാഹന പരിശോധനകൾ നടത്തിയും നടപടികൾ സ്വീകരിച്ചു പോരുന്നു.

കാറുകളിൽ മഞ്ഞ ലൈറ്റിന്റെ ഉപയോഗം

94. [859] ശ്രീ. വി.ജെ. പൗലോസ് :
" കെ. സുധാകരൻ :
" ലൂഡി ലൂയിസ് :
" ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറുകളിൽ മഞ്ഞ ലൈറ്റ് ഫിറ്റ് ചെയ്യരുത് എന്ന് നിയമ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly